**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1703** **20-06-2024 - ൽ മറുപടിയ്ക്ക്**

**പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടം, ബനാന നഴ്സറി എന്നിവടങ്ങളിൽ ഫാം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ജില്ലാ കൃഷിത്തോട്ടം, ബനാന നഴ്സറി എന്നിവിടങ്ങളിൽ എന്തെല്ലാം ഉല്പന്നങ്ങൾ കൃഷി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ തെങ്ങ്, കവുങ്ങ്, കുരുമുളക്, കൊക്കോ, ഫലവർഗ്ഗ വിളകളായ മാവ്, പ്ലാവ്, സപ്പോട്ട, റംബൂട്ടാൻ, പുലാസാൻ, പേര മുതലായവയും വാർഷിക വിളകളായ വാഴ, പച്ചക്കറി, കിഴങ്ങ് വിളകൾ കൂടാതെ വിവിധയിനം വിളകളുടെ പ്രോജനി ഓർച്ചാർഡുകൾ എന്നിവയും നട്ട് പരിപാലിച്ച് വരുന്നു.<br>പെരിങ്ങമ്മല ബനാന നഴ്സറിയിൽ തെങ്ങ്, വാഴ, കമുങ്ങ്, ഫലവൃക്ഷങ്ങൾ പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കശുമാവ് എന്നീ വിളകൾ കൃഷി ചെയ്ത് വരുന്നു. കൂടാതെ പശു, ആട്, അലങ്കാര കോഴികൾ എന്നിവയും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഒരുക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | പെരിങ്ങമ്മല ജില്ലാ ഫാമിൽ നിന്നും നേരിട്ടും കൃഷിഭവനുകൾ വഴി വിവിധ പദ്ധതികളിലൂടെയും കൃഷി വകുപ്പിന്റെ കീഴിൽ ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സെയിൽസ് കൗണ്ടർ മുഖേനയുമാണ് പ്രധാനമായും ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നത്. പെരിങ്ങമ്മല ബനാന നഴ്സറി ഫാമിൽ നിന്നും നേരിട്ടും, കാർഷിക മേളകൾ വഴിയും വിപണനം ചെയ്യുന്നുണ്ട്. കൂടുതൽ അളവിൽ ഉള്ള കുരുമുളക്, കശുവണ്ടി ഉത്പന്നങ്ങൾ ലേലം ചെയ്തു വിൽക്കുന്നു. വിവിധ കാർഷിക പദ്ധതികളിലായി കൃഷി ഭവനുകൾ മുഖേനയും നടീൽ വസ്തുക്കൾ വിപണനം ചെയ്യുന്നു. |
| (സി) | കാർഷികോല്പന്നങ്ങൾക്കുപരിയായി മറ്റെന്തെല്ലാം ഉല്പന്നങ്ങൾ ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്; വിശദമാക്കാമോ; | (സി) | പെരിങ്ങമ്മല ജില്ലാ ഫാമിൽ നടീൽ വസ്തുക്കളായ ഗ്രാഫ്റ്റുകൾ (മാവ്, പ്ലാവ്, റമ്പൂട്ടാൻ, സപ്പോട്ട, കുടംപുളി, കശുമാവ്, ജാതി) ലെയറുകൾ (പേര, ജാംബ, നാരകം) തെങ്ങിൻതൈകൾ, കമുകിൻ തൈ, മറ്റുവിളകളുടെ തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവയ്ക്ക് പുറമെ തേൻ, വെളിച്ചെണ്ണ, മഞ്ഞൾപ്പൊടി, ഉണക്കകുരുമുളക്, കുടംപുളി, പഞ്ഞിത്തലയിണ, സ്ക്വാഷുകൾ (ഫാഷൻഫ്രൂട്ട്, |

| | | | |
|---|---|---|---|
| | | | പേരക്ക, മാങ്ങ, വാഴപ്പിണ്ടി, കശുമാങ്ങ) ജൈവവളങ്ങളായ മണ്ണിര കമ്പോസ്റ്റ്, ആട്ടിൻകാഷ്ഠം, ചാണകപ്പൊടി, ഫിഷ് അമിനോ ആസിഡ്, ഹരിത കഷായം തുടങ്ങിയ ഉത്പന്നങ്ങളും ഉത്പാദിപ്പിച്ച് വിപണനം നടത്തുന്നുണ്ട്.<br><br>പെരിങ്ങമ്മല ബനാന നഴ്സറിയിൽ വിവിധയിനം ഫലവൃക്ഷത്തൈകൾ, തെങ്ങിൻ തൈകൾ, കമുകിൻ തൈകൾ, വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ, പച്ചക്കറി തൈകൾ, പച്ചക്കറി വിത്തുകൾ, അലങ്കാര സസ്യങ്ങളുടെ തൈകൾ എന്നിവ ഉത്പാദിപ്പിക്കുന്നു. |
| (ഡി) | പ്രസ്തുത ഫാമുകളിൽ സ്ഥിരം, താൽക്കാലിക വിഭാഗങ്ങളിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നത് അറിയിക്കാമോ; | (ഡി) | പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ സ്ഥിരം തൊഴിലാളികൾ 79 ഉം കാഷ്വൽ തൊഴിലാളികൾ 76 പേരുമാണ് നിലവിലുള്ളത്.<br><br>പെരിങ്ങമ്മല ബനാന നഴ്സറിയിൽ 53 സ്ഥിരം തൊഴിലാളികളും 44 കാഷ്വൽ തൊഴിലാളികളും ജോലി ചെയ്തു വരുന്നു. |
| (ഇ) | ജില്ലാ കൃഷിത്തോട്ടം, ബനാന നഴ്സറി എന്നിവടങ്ങളിൽ ടൂറിസം വകുപ്പുമായി സഹകരിച്ചുകൊണ്ട് ഫാം ടൂറിസം പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | ടൂറിസം വകുപ്പുമായി സഹകരിച്ച് കൊണ്ട് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ